ഭരണഭാഷ – മാതൃഭാഷ

**സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്**

**തിരുവനന്തപുരം**

നമ്പർ. **DTETVM/9158/2024-EA2 (EA)** തീയതി: 22-10-2024

**പരിപത്രം**

വിഷയം:- സാങ്കേതിക വിദ്യാഭ്യാസം- ഔദ്യോഗിക ഭാഷ മലയാളം- ജില്ലാതല ഔദ്യോഗിക ഭാഷാ സമിതികൾ രൂപീകരിക്കുന്നത് - സംബന്ധിച്ച്.

സൂചന :- 1. 12.12.2014 തീയതിയിലെ സ.ഉ.(കൈയെഴുത്ത്) നം.42/2014/ഉഭപവ. നമ്പർ സർക്കാർ ഉത്തരവ്.
2. 12.12.2014 തീയതിയിലെ, സ.ഉ.(കൈയെഴുത്ത്) നം. 42/2014/ഉഭപവ സർക്കാർ കത്ത്

മലയാളം പൂർണ്ണമായി ഭരണഭാഷയാക്കുന്നത് സംബന്ധിച്ച ഭാഷാമാറ്റ നടപടികൾ ത്വരിതപ്പെടുത്തുന്നതിനും കാര്യക്ഷമമാക്കുന്നതിനും പുരോഗതി അവലോകനം ചെയ്യുന്നതിനുമായി സൂചന (1) ലെ സർക്കാർ ഉത്തരവ് പ്രകാരം ചുവടെ സൂചിപ്പിക്കുന്ന ഔദ്യോഗിക ഭാഷ ജില്ലാ സമിതികൾ രൂപീകരിച്ച് ഈ കാര്യാലയത്തിൽ 2 ദിവസത്തിനുള്ളിൽ അറിയിക്കുവാൻ നിർദ്ദേശിക്കുന്നു.

| സമിതിയുടെ പേര് | അംഗങ്ങൾ | യോഗം ചേരേണ്ട സമയക്രമം |
|---|---|---|
| ജില്ലാതല ഔദ്യോഗിക ഭാഷാ സമിതി | 1. സ്ഥാപന മേധാവി -അധ്യക്ഷൻ<br>2. സ്ഥാപനത്തിലെ മറ്റ് വകുപ്പ് മേധാവിമാർ - അംഗങ്ങൾ<br>3. സ്ഥാപനത്തിൽ നിന്നുള്ള അഡ്മിനിസ്ട്രേടിവ് ജീവനക്കാരൻ (ഹെഡ് ക്ലാർക്/ഹെഡ് അക്കൌണ്ടൻറ് മുതലുള്ള ഒരു ഉദ്യോഗസ്ഥൻ) - കൺവീനർ | എല്ലാ വർഷവും ജനുവരി, മാർച്ച്, മെയ്, ജൂലൈ, സെപ്തംബർ, നവംബർ മാസങ്ങളിൽ |

ജില്ലാതല ഔദ്യോഗികഭാഷാ സമിതിയോഗ നടപടിക്കുറിപ്പ് യോഗം നടന്ന് ഒരാഴ്ചക്കകം ഈ കാര്യാലയത്തിൽ നിർബന്ധമായും നൽകേണ്ടതാണ്. ജില്ലാതല ഔദ്യോഗികഭാഷാ സമിതിയിൽ ഉന്നയിക്കപ്പെടുന്നതും പരിഹാരം കാണേണ്ടതുമായ വിഷയങ്ങൾ വകുപ്പുതല മേധാവി (DTE) അധ്യക്ഷനായ ഔദ്യോഗികഭാഷ സംബന്ധിച്ച വകുപ്പുതല ഏകോപനസമിതിയിൽ ചർച്ച ചെയ്ത് പരിഹാരം കാണുന്നതാണ്.

യോഗം യഥാസമയം വിളിച്ചുകൂട്ടേണ്ട ഉത്തരവാദിത്തം യോഗ കൺവീനറിൽ നിക്ഷിപ്തമാണ്. യോഗം ചേരുന്നത് സംബന്ധിച്ച അറിയിപ്പ് പത്ത് പ്രവർത്തി ദിവസം മുമ്പെങ്കിലും അംഗങ്ങൾക്ക് നൽകേണ്ടതും, ഓരോ അംഗവും യോഗനോട്ടീസ് കൈപ്പറ്റിയിട്ടുണ്ടെന്ന് യോഗ കൺവീനർ ഉറപ്പാക്കേണ്ടതുമാണ്. യോഗത്തിൽ പങ്കെടുക്കാത്ത അംഗങ്ങളുടെ വിശദീകരണം വാങ്ങി അവർക്കെതിരെ യോഗാധ്യക്ഷൻ നടപടി സ്വീകരിക്കേണ്ടതാണ്.

SHALIJ P R
DIRECTOR

സ്വീകർത്താവ്,

1. ഈ വകുപ്പിന് കീഴിലുള്ള എല്ലാ സ്ഥാപനമേധാവികൾക്കും ബന്ധപ്പെട്ട ജീവനക്കാർക്കും (www.dtekerala.gov.in എന്ന വെബ്സൈറ്റ് മുഖാന്തിരം).
2. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

Signed by Shalij P R
Date: 22-10-2024 22:29:44